<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3617</u> <u>05-08-2021 - ൽ മറുപടിയ്ക്ക്</u>

<u>നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ. മാരെ ഉൾപ്പെടുത്തിയുള്ള എതെങ്കിലും മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലുണ്ടോ; | (എ) | വൈദ്യുതി പ്രസരണ വിതരണ സംബന്ധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലാതലത്തിലും മറ്റ് പ്രാദേശിക തലത്തിലും വിവിധ കമ്മിറ്റികൾ നിലവിലുണ്ട്. അതാതു ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാവികസന കമ്മിറ്റി (DDC), തഹസീൽദാർ അദ്ധ്യക്ഷനായുള്ള താലൂക്ക് സഭകൾ, MLA അദ്ധ്യക്ഷനായുള്ള അവലോകന കമ്മിറ്റികൾ, തദ്ദേശീയമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിന് പാർലമെന്റ് അംഗങ്ങൾ, ജില്ലാ കലക്ടർ എന്നിവർ ഉൾപ്പെട്ടിട്ടുള്ള 26-07-2016 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം “DISHA” എന്ന ജില്ലാതല കമ്മിറ്റി തുടങ്ങിയവ നിലവിലുണ്ട്. വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്ന തിനായി സംസ്ഥാന ജില്ലാ തല സമിതികൾ രൂപീകരിച്ചിട്ടുണ്ട് |
| (ബി) | ഇല്ലെങ്കിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | വൈദ്യുതി പ്രസരണ വിതരണ സംബന്ധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലാതലത്തിലും മറ്റ് പ്രാദേശിക തലത്തിലും വിവിധ കമ്മിറ്റികൾ നിലവിലുണ്ട്. അതാതു ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാവികസന കമ്മിറ്റി (DDC), തഹസീൽദാർ അദ്ധ്യക്ഷനായുള്ള താലൂക്ക് സഭകൾ, MLA അദ്ധ്യക്ഷനായുള്ള അവലോകന കമ്മിറ്റികൾ, തദ്ദേശീയമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിന് പാർലമെന്റ് അംഗങ്ങൾ, ജില്ലാ കലക്ടർ എന്നിവർ ഉൾപ്പെട്ടിട്ടുള്ള 26-07-2016 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം “DISHA” എന്ന |

| | | | |
|---|---|---|---|
| | | | ജില്ലാതല കമ്മിറ്റി തുടങ്ങിയവ നിലവിലുണ്ട്. വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്ന തിനായി സംസ്ഥാന ജില്ലാ തല സമിതികൾ രൂപീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ